खण्ड रजिस्ट्री सं० डि० एल्ल. 33004/94 REGISTERED No. DL-33004/94

सत्यमेव जयते

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്


| | | | | | |
|---|---|---|---|---|---|
| सं. 3203 | नई दिल्ली | गुरुवार | 31, दिसंबर 2020/ | 10,पौष, 1942 (शक) | खण्ड 9 |
| No. 3203 | NEW DELHI | Thursday | 31, December 2020/ | 10, Pousha, 1942 (Saka) | Vol. 9 |
| നമ്പർ 3203 | ന്യൂഡൽഹി | വ്യാഴം | 31, ഡിസംബർ 2020/ | 10, പൗഷം, 1942 (ശക) | വാല്യം 9 |


## MINISTRY OF LAW AND JUSTICE

**(Legislative Department)**

*New Delhi, 15th October, 2019/23rd Aswina, 1941 (Saka).*

The translation in Malayalam of The President's Emoluments And Pension Act, 1951 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

1951-ലെ രാഷ്ട്രപതിയുടെ ശമ്പളവും പെൻഷനും ആക്റ്റ്-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരികപാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. G. NARAYANARAJU,
*Secretary to the Government of India.*

212/9012/2020/S-13.

# രാഷ്ട്രപതിയുടെ ശമ്പളവും പെൻഷനും ആക്റ്റ്, 1951

## (1951-ലെ 30-ാം നമ്പർ ആക്റ്റ്)

[1][രാഷ്ട്രപതിയുടെ ശമ്പളത്തിനും] വിരമിക്കുന്ന രാഷ്ട്രപതിമാരുടെ
പെൻഷനും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള
ഒരു
ആക്റ്റ്

പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേര്.—(1) ഈ ആക്റ്റിന് രാഷ്ട്രപതിയുടെ [2][ശമ്പളവും പെൻഷനും] ആക്റ്റ്, 1951 എന്ന് പേര് പറയാവുന്നതാണ്.

[3][1ക. രാഷ്ട്രപതിയുടെ ശമ്പളം:—രാഷ്ട്രപതിക്ക് ശമ്പളമായി [4][ അഞ്ച് ലക്ഷം രൂപ] പ്രതിമാസം നൽകേണ്ടതാണ്.]

2. വിരമിക്കുന്ന രാഷ്ട്രപതിമാർക്കുള്ള പെൻഷൻ.—(1) രാഷ്ട്രപതിയായി, ഔദ്യോഗിക കാലാവധി അവസാനിക്കുകയോ തന്റെ ഔദ്യോഗിക സ്ഥാനത്തുനിന്നും രാജിവയ്ക്കുകയോ ചെയ്യുകവഴി, ഔദ്യോഗികസ്ഥാനം അവസാനിപ്പിക്കുന്ന ഓരോ ആളിനും അദ്ദേഹത്തിന്റെ ശേഷിക്കുന്ന ജീവിതകാലത്തേയ്ക്ക് രാഷ്ട്രപതിയുടെ [5][പ്രതിമാസ ശമ്പളത്തിന്റെ അൻപത് ശതമാനം നിരക്കിൽ] പെൻഷൻ നൽകേണ്ടതാണ്:

[6][എന്നാൽ ഏതെങ്കിലും ആൾ രാഷ്ട്രപതിയായി ഔദ്യോഗിക ചുമതല ഏറ്റെടുക്കുന്നതിന് മുമ്പ് ഉപരാഷ്ട്രപതിയുടെ ഉദ്യോഗം വഹിച്ചിരുന്നുവെങ്കിൽ അങ്ങനെയുള്ള ആളിന് ഉപരാഷ്ട്രപതിയുടെ പെൻഷൻ ആക്റ്റ്, 1997 (1997-ലെ 30)-ലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.]

(2) ഇതിലേക്കായി ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, അങ്ങനെയുള്ള ഓരോ ആളിനും, അദ്ദേഹത്തിന്റെ ശേഷിക്കുന്ന ജീവിതകാലത്തേയ്ക്ക്,—

[7][[8][(ക) സജ്ജീകരിച്ച താമസസ്ഥലം, (അതിന്റെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ) അതിന് വാടക നൽകാതെയും രണ്ട് ടെലിഫോണുകൾ, (ഒന്ന് ഇന്റർനെറ്റും ബ്രോഡ്ബാൻഡും കണക്റ്റിവിറ്റിയുള്ളത്) ദേശീയ റോമിംഗ് സൗകര്യമുള്ള ഒരു മൊബൈൽ ഫോൺ, സൗജന്യമായതോ ചട്ടങ്ങളിൽ നിർദ്ദേശിക്കാവുന്നപ്രകാരം അങ്ങനെയുള്ള വാഹന ബത്തയോടുകൂടിയ ഒരു മോട്ടോർ-കാർ എന്നിവ ഉപയോഗിക്കുന്നതിനും;

(ഖ) ഒരു പ്രൈവറ്റ് സെക്രട്ടറിയും ഒരു അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയും ഒരു പേഴ്സണൽ അസിസ്റ്റന്റും രണ്ട് ശിപായിമാരും ഉൾപ്പെടുന്ന സെക്രട്ടേറിയൽ സ്റ്റാഫിനും പ്രതിവർഷം [9][ഒരു ലക്ഷം രൂപ വരെയുള്ള] ആഫീസ് ചെലവുകൾക്കും;]

---

1. 1985-ലെ 77-ാം നമ്പർ ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം ചില വാക്കുകൾക്ക് പകരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം "പെൻഷന്" പകരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്റ്റ്, 4-ാം വകുപ്പ് പ്രകാരം ചേർത്തത്.
4. 2018-ലെ 13-ാം നമ്പർ ആക്റ്റ്, 137-ാം വകുപ്പ് പ്രകാരം "ഒരു ലക്ഷത്തി അൻപതിനായിരം രൂപയ്ക്ക്" പകരം ചേർത്തത് (1-1-2016 മുതൽ പ്രാബല്യം).
5. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം "പ്രതിമാസം മൂന്നു ലക്ഷം രൂപ" എന്നതിന് പകരം ചേർത്തത് (1-1-2006 മുതൽ പ്രാബല്യം).
6. 1998-ലെ 25-ാം നമ്പർ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം ചേർത്തത് (20-8-1998 മുതൽ പ്രാബല്യം).
7. 1990-ലെ 16-ാം നമ്പർ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം പകരം ചേർത്തത്.
8. 2008-ലെ 28-ാം നമ്പർ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം (ക) യും (ഖ) യും ഖണ്ഡങ്ങൾക്കു പകരം ചേർത്തത് (30-12-2008 മുതൽ പ്രാബല്യം).
9. 2018-ലെ 13-ാം നമ്പർ ആക്റ്റ്, 138-ാം വകുപ്പ് പ്രകാരം "അറുപതിനായിരം രൂപയ്ക്ക്" പകരം ചേർത്തത് (1-4-2018 മുതൽ പ്രാബല്യം).

(ഗ) സൗജന്യമായ വൈദ്യപരിശോധനയ്ക്കും ചികിത്സയ്ക്കും;

[1][(ഘ) ഭാരതത്തിലെവിടെയും ഒരാളോടൊപ്പം വിമാനത്തിലോ ട്രെയിനിലോ സ്റ്റീമറിലോ ഉയർന്ന ക്ലാസിൽ സഞ്ചരിക്കുന്നതിനും, അർഹതയുണ്ടായിരിക്കുന്നതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി "താമസസ്ഥലം" എന്നതിന് മന്ത്രിമാരുടെ ശമ്പളവും ബത്തകളും ആക്റ്റ്, 1952 (1952-ലെ 58)-ൽ അതിന് നൽകിയിരിക്കുന്ന അർത്ഥം ഉണ്ടായിരിക്കുന്നതാണ്.]

[2][(2ക) ഇതിലേയ്ക്കായി ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, അങ്ങനെയുള്ള ഓരോ ആളിന്റെയും ജീവിതപങ്കാളിക്കും ശേഷിക്കുന്ന ജീവിതകാലത്തേയ്ക്ക് സൗജന്യമായി വൈദ്യപരിശോധനയ്ക്കും ചികിത്സയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.]

[3][(3) അങ്ങനെയുള്ള ഏതെങ്കിലും ആൾ രാഷ്ട്രപതിയുടെ ഔദ്യോഗികസ്ഥാനത്തേയ്ക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നിടത്ത്, അങ്ങനെയുള്ള ആൾ ആ ഉദ്യോഗം വീണ്ടും വഹിക്കുന്ന കാലയളവിൽ അങ്ങനെയുള്ള ആൾക്കോ അദ്ദേഹത്തിന്റെ ജീവിതപങ്കാളിക്കോ ഈ വകുപ്പ് പ്രകാരം യാതൊരു ആനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല.]

[4][2ക രാഷ്ട്രപതിയുടെ ജീവിതപങ്കാളിക്കുള്ള കുടുംബപെൻഷൻ.—(ക) രാഷ്ട്രപതിയായി ഉദ്യോഗം വഹിക്കുമ്പോൾ; അല്ലെങ്കിൽ

(ഖ) രാഷ്ട്രപതിയായുള്ള തന്റെ ഔദ്യോഗികസ്ഥാനം അവസാനിക്കുകയോ ഔദ്യോഗികസ്ഥാനം രാജിവയ്ക്കുകയോ ചെയ്യുന്നതുവഴി, ഉദ്യോഗം വഹിക്കുന്നത് അവസാനിച്ചതിനുശേഷം,

മരണപ്പെടുന്ന ഒരാളുടെ ജീവിതപങ്കാളിക്ക്, അവരുടെ ശേഷിക്കുന്ന ജീവിതകാലത്തേയ്ക്ക്, വിരമിക്കുന്ന ഒരു രാഷ്ട്രപതിയ്ക്ക് അനുവദനീയമായ പെൻഷന്റെ അൻപത് ശതമാനം നിരക്കിൽ കുടുംബപെൻഷൻ നൽകേണ്ടതാണ്.]

[5][3. ഔദ്യോഗികസ്ഥാനത്തിരിക്കെ മരണപ്പെടുന്ന രാഷ്ട്രപതിയുടെ ജീവിതപങ്കാളിക്കുള്ള സൗജന്യ വൈദ്യപരിശോധനയും ചികിത്സയും.—ഇതിലേയ്ക്കായി ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്കുവിധേയമായി, രാഷ്ട്രപതിയുടെ ഉദ്യോഗം വഹിക്കുമ്പോൾ മരണപ്പെടുന്ന ഒരാളുടെ ജീവിതപങ്കാളിക്ക്, ശേഷിക്കുന്ന അവരുടെ ജീവിതകാലത്തേയ്ക്ക്, സൗജന്യമായ വൈദ്യപരിശോധനയ്ക്കും ചികിത്സയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.]

[6][3ക രാഷ്ട്രപതിയുടെ ജീവിതപങ്കാളിക്കുള്ള സൗജന്യ താമസസൗകര്യം.—ഇതിലേക്കായി ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി,—

(ക) രാഷ്ട്രപതിയായുള്ള ഉദ്യോഗം വഹിക്കുമ്പോൾ; അല്ലെങ്കിൽ

[7][(ഖ) രാഷ്ട്രപതിയായുള്ള ഉദ്യോഗം വഹിക്കുന്നത് അവസാനിക്കുകയോ തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കുകയോ ചെയ്യുന്നതുവഴി ഔദ്യോഗികസ്ഥാനം അവസാനിച്ചതിനുശേഷം മരണപ്പെടുന്ന ഒരാളുടെ ജീവിത പങ്കാളിക്ക്,—

(i) സജ്ജീകരിച്ച താമസസ്ഥലം (അതിന്റെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ), അതിന് ലൈസൻസ് ഫീസ് നൽകാതെ ഉപയോഗിക്കുന്നതിനും;

(ii) ഒരു പ്രൈവറ്റ് സെക്രട്ടറിയും ഒരു ശിപായിയും ഉൾപ്പെടുന്ന സെക്രട്ടേറിയൽ സ്റ്റാഫിന് ആകെ ചെലവ് പ്രതിവർഷം [8][ഇരുപതിനായിരം രൂപയിൽ] അധികരിക്കാൻ പാടില്ലാത്ത യഥാർത്ഥ ആഫീസ് ചെലവുകൾക്കും;

---

1. 1993-ലെ 71-ാം നമ്പർ ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം ചേർത്തത്.
2. 1976-ലെ 79-ാം നമ്പർ ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം (3)-ാം ഉപവകുപ്പിന് പകരം ചേർത്തത്.
4. 2000-ലെ 14-ാം നമ്പർ ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം ചേർത്തത് (വിജ്ഞാപനം ചെയ്യുന്ന തീയതി).
5. 1976-ലെ 79-ാം നമ്പർ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം 3-ാം വകുപ്പിന് പകരം ചേർത്തത്.
6. 2000-ലെ 14-ാം നമ്പർ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം ചേർത്തത് (11-8-2008 മുതൽ പ്രാബല്യം).
7. 2008-ലെ 28-ാം നമ്പർ ആക്റ്റ്, 4-ാം വകുപ്പ് പ്രകാരം പകരം ചേർത്തത് (30-12-2008 മുതൽ പ്രാബല്യം).
8. 2018-ലെ 13-ാം നമ്പർ ആക്റ്റ്, 139-ാം വകുപ്പ് പ്രകാരം "പന്ത്രണ്ടായിരം രൂപയ്ക്ക്" പകരം ചേർത്തത് (1-4-2018 മുതൽ പ്രാബല്യം).

(iii) അദ്ദേഹത്തിന്റെ ശേഷിക്കുന്ന ജീവിതകാലത്തേക്ക് ഒരു ടെലിഫോണിനും ഒരു മോട്ടോർ-കാറിനും സൗജന്യമായി അല്ലെങ്കിൽ ചട്ടങ്ങളിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വാഹന ബത്തയ്ക്കും;

(iv) ഭാരതത്തിലെവിടെയും ഒരു സുഹൃത്തിനൊപ്പമോ ഒരു ബന്ധുവിനൊപ്പമോ വിമാനത്തിലോ ട്രെയിനിലോ സ്റ്റീമറിലോ ഏറ്റവും ഉയർന്ന ക്ലാസിൽ ഒരു കലണ്ടർ വർഷത്തിൽ ഒറ്റയായ പന്ത്രണ്ട് യാത്രകൾക്കും; അർഹതയുണ്ടായിരിക്കുന്നതാണ്.

4. ഭാരതത്തിന്റെ സഞ്ചിതനിധിയിൻമേൽ ചാർജ് ചെയ്യേണ്ടതായ തുകകൾ.—ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ ഏതൊരു [1][തുകയും] ഭാരതത്തിന്റെ സഞ്ചിതനിധിയിൽമേൽ ചാർജ് ചെയ്യേണ്ടതാണ്.

5. [2][ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—[3][(1)] കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.]

[4][(2) ഈ ആക്റ്റ് പ്രകാരം കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ, അത് സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലയളവിലേയ്ക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കുവാൻ പാടില്ല എന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.]

[5][6. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) രാഷ്ട്രപതിയുടെ ശമ്പളവും പെൻഷനും (ഭേദഗതി) ആക്റ്റ്, 2008 (2008-ലെ 28) പ്രകാരം ഭേദഗതി വരുത്തിയ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, കേന്ദ്രസർക്കാരിന്, ഉത്തരവ് വഴി, വൈഷമ്യങ്ങൾ നീക്കംചെയ്യുന്ന ആവശ്യത്തിലേയ്ക്കായി അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത എന്തും ചെയ്യാവുന്നതാണ്:

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കുന്ന ഓരോ ഉത്തരവും പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.]

---

1. 1962-ലെ 24-ാം നമ്പർ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം "പെൻഷന്" പകരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്റ്റ്, 4-ാം വകുപ്പ് പ്രകാരം ചേർത്തത്.
3. 1976-ലെ 79-ാം നമ്പർ ആക്റ്റ്, 4-ാം വകുപ്പ് പ്രകാരം 5-ാം വകുപ്പിനെ ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പായി പുനരക്കമിട്ടു.
4. മേൽപ്പറഞ്ഞ ആക്റ്റ്, 4-ാം വകുപ്പ് പ്രകാരം ചേർത്തത്.
5. 2008-ലെ 28-ാം നമ്പർ ആക്റ്റ്, 5-ാം വകുപ്പ് പ്രകാരം ചേർത്തത് (30-12-2008 മുതൽ പ്രാബല്യം).